RESOLUTIONS

1. Re : Payment of salary and allowances to the private Primary School Teachers on a par with Teachers in Government Primary Schools (contd.)

ശ്രീ. ഡി. വിവേകാനന്ദൻ : "എയിഡഡ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം, അലവൻസ് എന്നിവയും മറ്റാനുകൂല്യങ്ങളും സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടേതിനു തുല്യമായി അനുവദിക്കുകയും, പ്രൈവറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളം, സർക്കാരിൽനിന്നും നേരിട്ടു കൊടുക്കുവാൻ വേണ്ട നടപടികൾ എടുക്കുകയും ചെയ്യണമെന്ന് ഈ സഭ ഗവണ്മെന്റിനോട് ശുപാർശ ചെയ്യുന്നു." ഇതാണ് എന്റെ പ്രമേയം. കഴിഞ്ഞ ഏപ്രിൽ 13-ാംനു ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊണ്ട് എത്രയും ചില കാര്യങ്ങൾ പറയുവാൻ എനിക്കു സമയം കിട്ടി. എന്നാൽ അന്ന് ആ ചർച്ച തുടരുന്നതിനും, ഗവണ്മെന്റിന്റെ അഭിപ്രായം എന്താണെന്നു് അറിയുന്നതിനും, സൗകര്യമാകാതെ വന്നതുകൊണ്ട് ഏപ്രിൽ 22–ാംതീയതി ചർച്ചയ്ക്കു വയ്ക്കുകയാണു ചെയ്തതു്. ആ അനൗദ്യോഗികദിവസം മാറി വച്ചതുകൊണ്ട് ആ സെഷനിൽ ചർച്ച പൂർത്തിയാകാതെ വരികയും ചെയ്തു. ഈ റസല്യൂഷനു പ്രത്യേകം പരിഗണന കൊടുത്തുകൊണ്ട് ഈ പ്രമേയം ഈ സെഷനിൽ അവതരിപ്പിക്കുന്നതിനു സമയം അനുവദിച്ചതിൽ ഞാൻ ആദ്യമായി ഈ രാജ്യത്തെ എയിഡഡ് പ്രൈമറി അദ്ധ്യാപകരുടെ നന്ദി അങ്ങയെ അറിയിച്ചുകൊള്ളുന്നു. ഈ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളകാര്യങ്ങളെ സംബന്ധിച്ചു് ഇവിടെ പലപല കണക്കിനു ചോദ്യങ്ങളും ഉണ്ടായിട്ടുണ്ട്. അത്രയേറെ അവശതകളും അനുഭവിക്കുന്ന ഈ എയിഡഡ് സ്കൂൾ ടീച്ചേഴ്സിന്റെ കാര്യത്തെ സംബന്ധിച്ചു ഇവിടെ ഒരു പ്രസംഗം ചെയ്തു ബഹുമാനപ്പെട്ട അംഗങ്ങളുടെ അനുമോദനം സമ്പാദിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നില്ല. എയിഡഡ് പ്രൈമറി അദ്ധ്യാപകന്റെ അവശതയുടെ ആഴം എത്രമാത്രമെന്നു അറിയാത്തവരാണിവിടെയുള്ളതെന്നു എനിക്കു വിശ്വാസമില്ല. ഈ പ്രമേയത്തിനു് അനുവദിച്ചിട്ടുള്ള പരിമിതമായ സമയത്തിനുള്ളിൽ അത്യാവശ്യമായും ഈ സഭയുടെ എല്ലാഭാഗത്തുമുള്ള അംഗങ്ങളുടെ അഭിപ്രായങ്ങളും അറിയേണ്ടതുമാണു്. ഈ സഭ പ്രമേയത്തെപ്പറ്റിയുള്ള ഖണ്ഡിതമായ അഭിപ്രായം രേഖപ്പെടുത്തേണ്ടതായുമുണ്ടു്. ഈ പ്രമേയത്തിൽ കടന്നുകൂടിയ കാര്യങ്ങൾ മാത്രമാണു് ആവശ്യപ്പെട്ടതു്.

എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും അലവൻസും മറ്റാനുകൂല്യങ്ങളും ഗവണ്മെന്റു് പ്രൈമറിസ്കൂൾ അദ്ധ്യാപകർക്കു കൊടുക്കുന്നതുപോലെ ഗവണ്മെന്റനുവദിച്ചുകൊടുക്കണം എന്നുള്ളതാണു് ഈ പ്രമേയത്തിൽ പറയുന്നതു്. തുല്യജോലിക്കു തുല്യവേതനം എന്ന തത്വം സ്വീകരിച്ചുകൊണ്ടു് സർക്കാർ സ്കൂളുകളോ എയിഡഡ് സ്കൂളുകളോ എന്ന ഭേദമില്ലാതെ തുല്യവേതനം നൽകണമെന്നാണു് അവർ ആവശ്യപ്പെടുന്നതു്. തുല്യജോലിക്കു തുല്യവേതനം നൽകണമെന്ന ഭരണഘടനാനിർദ്ദേശമുണ്ടു്. അതനുസരിച്ചു പ്രൈമറി ടീച്ചേഴ്സിന്റെ ഇടയിൽ അവസരസമത്വവും അവകാശസമത്വവും അനുവദിച്ചു അവരുടെ നില മെച്ചപ്പെടുത്താൻ ഒരു സൽബുദ്ധി കാണിക്കണമെന്നാണു് ഇൻഡ്യൻ ഭരണഘടനയുടെ നിർമ്മാതാക്കളെന്നഭിമാനിക്കുന്ന കോൺഗ്രസ്സുകാർ ഭരണം നടത്തുന്ന ഈ രാജ്യത്തെ ഗവണ്മെന്റിനോടു് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു്. ഇന്നു് ഈ സ്റ്റേറ്റിൽ എയിഡഡ്സ്കൂൾ ടീച്ചേഴ്സായി പതിനായിരം പേരുണ്ടു്. തിരുവിതാംകൂറിൽ പതിമൂവായിരവും കൊച്ചിയിൽ

LIBRARY ARCHIVES Kerala Legislative Assembly

മുവായിരവും വരും. കൊച്ചിയിൽ എയിഡഡ് പ്രൈമറി ടീച്ചേഴ്സിന്റെ നില ഭേദമായിരുന്നു. കൊച്ചിയിലുണ്ടായിരുന്ന എയിഡഡ് സ്കൂൾ ടീച്ചേഴ്സിനു കിട്ടിക്കൊണ്ടിരുന്നതുപോലെയുള്ള പ്രതിഫലം സംയോജനത്തിനു ശേഷം നിയമിക്കപ്പെട്ടവർക്ക് അവിടെ ലഭിക്കുന്നില്ല. ഈ പുതിയ ഗ്രേഡിൽ മുന്നൂറോളം പേരുണ്ട്. ശ്രീ. പട്ടം താണുപിള്ളയുടെ മന്ത്രിസഭ എയിഡഡ് പ്രൈമറി അദ്ധ്യാപകനു ശമ്പളം അഞ്ചുരൂപാ വീതം കൂട്ടി കൊടുക്കാൻ തീരുമാനിച്ചു. ആ തീരുമാനം നടപ്പിലാക്കാനുള്ള സൽമനസ്യം ഇന്നത്തെ മുഖ്യമന്ത്രി കാണിക്കുകയും ചെയ്തു. അതുയെങ്കിലും ചെയ്തതിനു ഞാൻ അദ്ദേഹത്തോടു നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു. സർ, ഈ മുഖ്യമന്ത്രി ഈ സഭയിൽവച്ചു് ആവർത്തിച്ചാവർത്തിച്ചു് ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു് ഗവണ്മെൻറ് സ്കൂൾ ടീച്ചേഴ്സിനു അനുവദിച്ചിട്ടുള്ള ശമ്പളവും അലവൻസും മറ്റാവകാശങ്ങളും, ആനുകൂല്യങ്ങളും അതേവ്യവസ്ഥകളോടുകൂടിത്തന്നെ ഈ എയിഡഡ് പ്രൈമറിസ്കൂൾ ടീച്ചേഴ്സിനും കൊടുക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. ആനുകൂല്യങ്ങൾ എന്തെല്ലാമെന്നു വിശദീകരിക്കണമെന്നു വിചാരിക്കുന്നില്ല. ഒന്നോരണ്ടും മാത്രം എടുത്തു പറയാം.

ഇന്നു് ഈ എയിഡഡ് പ്രൈമറിസ്കൂൾ ടീച്ചേഴ്സിന്റെ കൂട്ടത്തിൽ അദ്ധ്യാപികമാർ ആയിരക്കണക്കിനുണ്ടു്. വിശേഷിച്ചും ഈ പ്രാഥമിക വിദ്യാലയങ്ങളിൽ പിഞ്ചുകുഞ്ഞുങ്ങളെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനു് അദ്ധ്യാപികമാരായാൽ കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്നു വിദ്യാഭ്യാസവിദഗ്ദ്ധന്മാർ സമ്മതിച്ചിട്ടുള്ളതുമാണു്. സർ, ഇവരുടെ കാര്യത്തിൽ കാണിക്കുന്ന അനീതി അതിരൂക്ഷമാണു്. ഗവണ്മെൻറ് സ്കൂളുകളിലാണെങ്കിൽ പ്രസവാവധി നാലുമാസത്തേയ്ക്കുണ്ടു്. പകുതി ശമ്പളവും നാലുമാസത്തെ മുഴുവൻ അലവൻസും കൊടുക്കുന്നുണ്ടു്. അതേ സമയം പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപികമാക്കു് ശമ്പളം കൂടാതെ രണ്ടു മാസത്തെ അവധി മാത്രമാണു പ്രസവകാലത്തു് അനുവദിച്ചുകൊടുക്കുന്നതു്. അലവൻസ് യാതൊന്നും കൊടുക്കുന്നില്ല. ഇതു മര്യാദയില്ലാത്തൊരു നടപടിയല്ലെ, സർ. എയിഡഡ് പ്രൈമറി അദ്ധ്യാപികമാരുടെ പ്രസവിക്കാനുള്ള അവകാശത്തെപ്പോലും ഞെരുക്കുന്ന ഈ നയം അപലപനീയമാണു്. എയിഡഡ് പ്രൈമറി അദ്ധ്യാപികമാരോടു് കൂടുതൽ കാരുണ്യം കാണിക്കാൻ, ഇവിടെ നിയുക്തരായിരിക്കുകയാണെങ്കിലും ഈ രാജ്യത്തെ അവശതയനുഭവിക്കുന്ന വനിതാവിഭാഗത്തിനുവേണ്ടി വാദിക്കാൻ അർഹതയും അവകാശവുമുള്ള ബഹുമാനപ്പെട്ട തുള്ളർ മെമ്പറുടെ പാർട്ടി തയാറാവുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

സർ, ഈ പ്രമേയം ഈ സഭയുടെ എല്ലാ ഭാഗങ്ങളിലുമുള്ള അംഗങ്ങളും സ്വാഗതം ചെയ്യുമെന്നും, ഏകകണ്ഠമായി ഇതു് അംഗീകരിക്കപ്പെടുമെന്നും പ്രതീക്ഷിച്ചുകൊണ്ടു് ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. എ. മാത്യു : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വിവേകാനന്ദൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്ത്വത്തോടു് ഞാൻ യോജിക്കുകയാണു്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രമേയത്തെ അനുകൂലിക്കുകയാണോ എതിർക്കുകയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : ഞാൻ പ്രമേയത്തെ ഭേദഗതിയോടുകൂടി സപ്പോർട്ട് ചെയ്യുകയാണ്, സർ.

സർ, അവശതകൾ പരിഹരിച്ചു കിട്ടുന്നതിലേയ്ക്കു വേണ്ടി ഇന്നു നമ്മുടെ രാജ്യത്തിന്റെ പല വിഭാഗങ്ങളിൽ നിന്നും അവകാശവാദങ്ങൾ ഉന്നയിക്കുന്നുണ്ട്. ഇന്നത്തെ സാഹചര്യം നോക്കുമ്പോൾ പ്രൈവറ്റ് പ്രൈമറിസ്കൂൾ ടീച്ചേഴ്സ് ഇന്നു പല അവശതകളും അനുഭവിക്കുന്നുണ്ട്. എന്നാൽ അവർ മറ്റുള്ളവരെപ്പോലെ അവകാശവാദങ്ങൾ ഉന്നയിക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നുണ്ട്. അവർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ നൂറു ശതമാനവും ശരിയാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസം ഈ സഭയിൽ ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നാം സാക്ഷരതയിൽ വളരെ മുന്നിട്ടു നിൽക്കുന്നു. ഈ സംസ്ഥാനത്തു സാക്ഷരതാ ശതമാനം പതിനഞ്ചു ശതമാനമാണ്. ഇതു നോക്കുമ്പോൾ വിദ്യാഭ്യാസപരമായി നമ്മുടെ സംസ്ഥാനം ഇത്രമാത്രം മുന്നണിയിൽ വരുന്നതിനു ഏറ്റവും പ്രധാനമായിട്ടുള്ളതു നമ്മുടെ വിദ്യാഭ്യാസപ്രവർത്തനവും അതിലും പ്രധാനമായി ഈ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർ വഹിച്ചിട്ടുള്ള പങ്കും ആണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർ നമ്മുടെ വിദ്യാഭ്യാസവിഷയത്തിൽ എത്രമാത്രം സേവനമാണ് അനുഷ്ഠിച്ചിട്ടുള്ളതു് എന്നു വിശദീകരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. അവരുടെ സേവനങ്ങൾ മറയ്ക്കുവാനും, മറക്കുവാനും, ചിലർക്കുമുണ്ടാകാം ഈ നാട്ടിൽ അങ്ങുമിങ്ങും നടക്കുന്നുണ്ട്. ഇതു സംബന്ധിച്ചു വളരെ അധികം കാര്യങ്ങൾ ഉണ്ടെങ്കിലും ഏതാനും ചിലതു മാത്രം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രൈവറ്റ് സ്കൂളുകളുടെ നേരെ ഗവണ്മെന്റ് പ്രോത്സാഹജനകമായ മനോഭാവമാണ് എടുത്തിട്ടുള്ളതെന്നു പറയുന്നതോടൊപ്പം തന്നെ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ ഗവണ്മെന്റ് ഒരു ചിറ്റമ്മനയം തന്നെയാണു് ഇന്നു് അനുവർത്തിച്ചുപോന്നിട്ടുള്ളതു് എന്നു പറയേണ്ടിയിരിക്കുന്നു. തുല്യജോലിക്കു തുല്യവേതനം എന്നുള്ളതു് ഭരണഘടനയിൽതന്നെ അനുവദിക്കുന്നുണ്ട്. ആ ഭരണഘടന അനുസരിച്ചു പ്രവർത്തിക്കേണ്ടതു് ഈ ഗവണ്മെന്റിന്റെ കടമയാണ്. എങ്കിലും ഈ പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാരുടെ നേരെ ഇപ്രകാരം നിർദ്ദാക്ഷിണ്യമായ ഒരു നയം ഈ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നതു് എന്താണെന്നു് എത്ര ആലോചിച്ചിട്ടും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഒരേ രീതിയിലുള്ള വിഷയങ്ങളാണു രണ്ടു സ്കൂളുകളിലും പഠിപ്പിക്കുന്നതു്. എന്നാൽ അതിൽ ഏറ്റവും നന്നായിട്ടാണു പ്രൈവറ്റ് സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതു് എന്നുള്ളതു് ഓരോ കൊല്ലത്തേയും വിജയശതമാനം നോക്കിയാൽ നമുക്കു മനസ്സിലാകുന്നതാണ്. എന്നിരുന്നാൽത്തന്നെയും ഇന്നു ഗവണ്മെന്റ് സ്കൂളുകളിൽ കൊടുക്കുന്ന ശമ്പളവും അലവൻസും അവർക്കു കൊടുക്കുന്നില്ല. എന്നു മാത്രമല്ല മറ്റുള്ള ചില ആനുകൂല്യങ്ങളും അവർക്കു നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

മി. വിവേകാനന്ദൻ ഇവിടെ അദ്ധ്യാപികമാരുടെ പ്രസവകാലാവധിയെപ്പറ്റി പറയുണ്ടായി. പ്രൈവറ്റ് സ്കൂൾ അദ്ധ്യാപികമാരുടെ പ്രസവാവധി രണ്ടു മാസം മാത്രമാണ് പൊതുവിൽ അനുവദിക്കുന്നതു്. അതേസമയം ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപികമാർക്കു നാലു

LIBRARY ARCHIVES Kerala Legislative Assembly

മാസം അനുവദിക്കുന്നുണ്ട്. അതു് ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തി യാണെന്നു മനസ്സിലാക്കുവാൻ പ്രയാസമാണു്. അതുപോലെ പ്രിവിലേജ് ലീവിന്റെ കാര്യത്തിലും വ്യത്യസ്തമായ രീതിയാണു് ഇന്നു നടപ്പിലിരിക്കുന്നതു്. ഗവണ്മെന്റ് സ്കൂളുകളിൽ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം നാലുമാസം തുടർച്ചയായി കൂട്ടിയിട്ടിരുന്ന ലീവു് അനുഭവിക്കുവാനുള്ള അവകാശം അവർക്കുണ്ടു്. എന്നാൽ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കു് ആ പ്രിവിലേജ് ലീവു് രണ്ടു മാസം മാത്രം കൂട്ടിയിട്ടു് അനുഭവിക്കാൻ മാത്രമേ അവകാശമുള്ളു. ഈ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ അവശതകളും നമ്മുടെ രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണു് എന്നു നാം ഓർക്കേണ്ടതാണു്.

സെൻട്രൽ ഗവണ്മെൻറിൽനിന്നും ഏതോ ചില ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചു കഴിയുകയാണെന്നു മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. ഒന്നുരണ്ടു ദിവസങ്ങൾക്കുമുമ്പു് സെൻട്രൽ ഗവണ്മെൻറിന്റെ മറുപടി കിട്ടിയിട്ടുണ്ടായി അറിയുന്നു. മറ്റു പല സംസ്ഥാനങ്ങളും ഇതുപോലെ ആവശ്യപ്പെട്ടുണ്ടെന്നുള്ളതുകൊണ്ടു് അവർക്കു് ഇതിൽ ഒന്നും ചെയ്യുവാൻ സാധിക്കയില്ലെന്നുള്ള മറുപടിയാണു് അതു്. ആ നിലയിൽ സെൻട്രൽ ഗവണ്മെൻറിന്റെ ആനുകൂല്യത്തോടുകൂടി ഈ പ്രശ്നത്തിനു പരിഹാരം കാണാമെന്നു വിചാരിച്ചിരുന്നതു് ഫലപ്രദമായിരിക്കുന്നതു്. എന്തായാലും പ്രൈവറ്റ് ടീച്ചേഴ്സിനു് ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണു്. അതിനു പണമില്ലെന്നു പറഞ്ഞു് ഒഴിയുന്നതു് ഒരിക്കലും സംഗതികരിക്കത്തക്കതല്ല. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കുമ്പോൾ ഈ പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സിന്റെ കാര്യത്തിൽ മാത്രം പണമില്ലെന്നു പറയുന്നതു് എന്തുകൊണ്ടാണെന്നു നാം ചിന്തിക്കേണ്ടതാണു്. വലിയ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടിയതിനെപ്പറ്റി ജനങ്ങൾക്കു പരാതികളുണ്ടു്. കുറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുകയും വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുകയും ചെയ്യുമെന്നാണു് എന്റെ അഭിപ്രായം. ഏറ്റവും കുറഞ്ഞ ശമ്പളം പറ്റിക്കൊണ്ടിരിക്കുന്ന പ്രൈവറ്റ് ടീച്ചേഴ്സിനു് എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശ്രീ. വിവേകാനന്ദന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. പ്രമേയത്തെപ്പറ്റി വളരെ വിസ്തരിച്ചു് സംസാരിക്കേണ്ട കാര്യമില്ല. ഇതിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളെപ്പറ്റി ഈ ബഹുമാനപ്പെട്ട സഭ പലവുരു ചർച്ചചെയ്തിട്ടുണ്ടു്. ഒന്നുരണ്ടു കാര്യങ്ങൾ മാത്രമേ ഈ അവസരത്തിൽ എനിക്കു് ചൂണ്ടിക്കാണിക്കാനുള്ളു. പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകന്മാർക്കു് ഗവണ്മെൻറ് സർവ്വീസിലുള്ളവർക്കുള്ള ശമ്പളവും തുല്യ ആനുകൂല്യങ്ങളും കൊടുക്കേണമെന്നു് മുഖ്യമന്ത്രി ഈ സഭയിൽവെച്ചു സമ്മതിച്ചിട്ടുണ്ടു്. ആ പ്രസ്താവം അംഗീകരിച്ചുകഴിഞ്ഞു. സെൻട്രൽ ഗവണ്മെൻറിനോടു് ചില എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കുന്നുവെന്നും അതുവഴിക്കു് ചില ആനുകൂല്യങ്ങൾ ലഭിച്ചുശേഷമേ ഇതു നടപ്പിലാക്കാൻ തരമുള്ളുവെന്നും അദ്ദേഹം കഴിഞ്ഞ ഒരു ദിവസം പ്രസ്താവിക്കുകയുണ്ടായി. പക്ഷെ ഞാൻ അതിൽ കവിഞ്ഞ ചില ബുദ്ധിമുട്ടുകൾ ഈ വിഷയത്തിൽ ഉണ്ടെന്നാണു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

വിശ്വസിക്കുന്നതു്. തുല്യശമ്പളവും തുല്യആനുകൂല്യങ്ങളും പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കു് കൊടുക്കേണ്ടിവന്നാൽ അവരുടെ നിയമനത്തിലും മറ്റും ഗവണ്മെൻറിൽനിന്നു് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരുമെന്നുള്ളതു് അനുകൂലസിദ്ധാന്തമാണു്. ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രിക്കു് ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണു്. എതായാലും ഈ പ്രമേയംകൊണ്ടു് ഗവണ്മെൻറിനെ ഈ വിഷയത്തിൽ ഒരു തീരുമാനമെടുക്കാൻ പ്രേരിപ്പിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. പ്രത്യേകിച്ചു് പ്രമേയത്തിൻറെ രണ്ടാമത്തെ ഭാഗത്തു് പറയുന്ന കാര്യത്തെപ്പറ്റിയാണു് എനിക്കു് ഊന്നി പറയാനുള്ളതു്. ഇതിനെപ്പറ്റി പറയുമ്പോൾ മുഖ്യമന്ത്രിക്കു് സ്വതേയുള്ള ചില മടിപടികൾ ഉണ്ടു്. പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർക്കു് മറ്റദ്ധ്യാപകന്മാർക്കുള്ള തുല്യശമ്പളവും തുല്യ ആനുകൂല്യവും കൊടുക്കേണ്ടതാണെന്നു സമ്മതിച്ചാൽ പിന്നെ അതു ഗവണ്മെൻറിൽനിന്നും നേരിട്ടുകൊടുക്കാൻ എന്താണു് വിരോധം? അങ്ങിനെ ഗവണ്മെൻറിൽനിന്നും നേരിട്ടു് കൊടുക്കണമെന്നാണു് പ്രമേയത്തിൻറെ ഉത്തരഭാഗത്തിൽ പറയുന്നതു്. എന്നാൽ നേരിട്ടു കൊടുക്കേണ്ട ആവശ്യമില്ല. മാനേജരന്മാർ ഗവണ്മെൻറിൽനിന്നും കിട്ടുന്ന സംഖ്യ ശരിയായി അദ്ധ്യാപകന്മാർക്കു് കൊടുക്കുന്നുണ്ടെന്നു് അദ്ദേഹം ഒരിക്കൽ ഇവിടെ വാദിച്ചിട്ടുണ്ടു്. യഥാർത്ഥത്തിൽ ശരിയായി കൊടുക്കുന്നില്ലെന്നു് അദ്ദേഹത്തിനറിയാം. അങ്ങിനെയുള്ള പല സംഭവങ്ങളും അദ്ദേഹത്തിൻറെ ദൃഷ്ടിയിൽപ്പെട്ടിട്ടുള്ളതാണു്. ഇനി ഈ വിഷയത്തെപ്പറ്റി വാദിച്ചുവരുമ്പോൾ അദ്ദേഹം ഉന്നയിക്കാവുന്ന ചില യുക്തികളും ഞാനിവിടെ അവതരിപ്പിച്ചുകൊള്ളട്ടെ. ഈ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കിട്ടാൻ നിയമപരമായ വ്യവസ്ഥ എന്താണു്? ഒരു മാനേജരുടെ കീഴിൽ ജോലിനോക്കുന്ന അദ്ധ്യാപകൻ ശമ്പളം കിട്ടണമെങ്കിൽ കാലേക്കൂട്ടി അകപിറൻസ് ഒപ്പിട്ടു കൊടുക്കണം. അതു് അയച്ചാലെ ഗ്രാൻറ് കിട്ടുകയുള്ളു. ഗ്രാൻറ് വാങ്ങിയാണു് ശമ്പളം കൊടുക്കുന്നതു്. ആ ശമ്പളം കൊടുക്കുമ്പോൾ വീണ്ടും ഒരു അകപിറൻസ് ഒപ്പിട്ടു വാങ്ങാറുണ്ടു്. അപ്പോൾ ശമ്പളം മുഴുവനും കിട്ടിയില്ലെങ്കിൽ അദ്ധ്യാപകനു് രക്ഷയാതൊന്നുമില്ല. ഗവണ്മെൻറിൻറെ മുമ്പിൽ ബില്ലിനോടു് ഒന്നിച്ചു് കാലേക്കൂട്ടി ഒപ്പിട്ടു കൊടുത്ത അകപിറൻസ് ഉണ്ടു്. ആ നിലയിൽ, അധ്യാപകനു ശമ്പളം കിട്ടിയതായേ ഗവണ്മെൻറിനു കരുതാവൂ. ഡിപ്പാർട്ടുമെൻറിൽനിന്നു അദ്ധ്യാപകനു യാതൊരു രക്ഷയ്ക്കും വഴിയില്ല. അങ്ങിനെയാണെങ്കിൽ അയാൾക്കു രണ്ടാമത്തെ മാസത്തിൽ ഒപ്പിടാതെയിരിക്കാമല്ലൊ എന്നു് ചോദിച്ചേക്കും. അങ്ങിനെ ഒപ്പിടാതെയിരുന്നാൽ എന്താണു് വരുന്നതു്? ശമ്പളം കിട്ടാതെ വരും. ബില്ലു് ഡിപ്പാർട്ടുമെൻറിലേക്കു് അയക്കാൻ താമസിക്കും. ബില്ലു് അയക്കാൻ താമസിച്ചാൽ പല തരക്കേടും ഉണ്ടാകും. മറദ്ധ്യാപകന്മാർക്കു് ശമ്പളം കിട്ടാതെ വന്നാൽ വിഷമമല്ലേ? അപ്പോൾ ബില്ലിൽ പാർഷ്യൽ പേമെൻറിനു് സൂപാർശ ചെയ്യുമെന്നു വരും. പ്രതിഷേധിച്ചു അദ്ധ്യാപകൻ ശമ്പളം കിട്ടുകയില്ല. കുറെ കഴിഞ്ഞാൽ അയാളെ പിരിച്ചുവിട്ടെന്നും വരും. ഈ മതികേടു മാറണം. സക്കാരാണു ശമ്പളത്തിനു വക കാണുന്നതെങ്കിൽ അതു നേരിട്ടു അദ്ധ്യാപകനു കൊടുക്കരുതോ? ശ്രീ. വിവേകാനന്ദൻറെ പ്രമേയത്തിൽ പറയുന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തു് നടപ്പാക്കാൻ സാധ്യമല്ലാത്തൊന്നുമല്ല. ഒരു കാൺഗ്രസ് മന്ത്രിയായിരുന്ന ശ്രീ. രാജാജി മദ്രാസിൽ ഗവണ്മെൻറിൽ നിന്നും നേരിട്ട ശമ്പളം കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഏറെക്കുറെ ചില നിയന്ത്രണങ്ങളും അദ്ധ്യാപകന്മാരുടെ കയ്യിൽ കൊണ്ടുവന്നിട്ടുമുണ്ടു്. അങ്ങിനെ ഒരു കാൺഗ്രസ് ഗവണ്മെൻറ് മദ്രാസിൽ ചെയ്യുകഴിഞ്ഞിട്ടു് ഒരു ഏർപ്പാടു് ഇവിടെ ചെയ്യാൻ പാടില്ലെന്നു് പറയുന്നതു് ശരിയല്ല. അതായതു് പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാക്കു് തുല്യശമ്പളവും തുല്യആനുകൂല്യങ്ങളും കൊടുക്കേണ്ടതാണെന്ന സമ്മതിക്കുന്ന സ്ഥിതിക്കു് ആ ശമ്പളവും ആനുകൂല്യങ്ങളും അവക്കു ശരിയായി കിട്ടത്തക്ക ഒരു സമിതി ഈ രാജ്യത്തു് ഉണ്ടാക്കിയെ കഴിയൂ. അതിനാവശ്യമായ നിയന്ത്രണങ്ങളും ഗവണ്മെൻറിൽനിന്നും മാനേജരന്മാരുടെ മേൽ കൊണ്ടുവന്നേ മതിയാവൂ. അതിൻറെ ഒന്നാമത്തെ പടിയായി നേരിട്ടു ശമ്പളം കൊടുക്കുന്നതു് നന്നായിരിക്കും. അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ അതിൻറെ അർത്ഥം ഏറ്റവും പ്രധാനമായ വിദ്യാഭ്യാസകാര്യം മാനേജരന്മാക്കു് ഒരു ബിസിനസായി കൊണ്ടുനടക്കാൻ ഗവണ്മെൻറ് അനുവദിക്കുന്നു എന്നാണു്. യഥാർത്ഥത്തിൽ പല തുറകളിലും ജോലിചെയ്യുന്നവക്കു് കിട്ടേണ്ട അവകാശങ്ങൾ കിട്ടേണ്ടതാണെന്നു് രേഖാമൂലം പ്രഖ്യാപിച്ചശേഷം ആ അവകാശങ്ങൾ അവക്കു് കിട്ടേണ്ട സമയം വരുമ്പോൾ ഉടമകളുടെ താളംപിടിച്ചു് പോലീസിനെ ഉപയോഗിക്കുന്നതു് ഈ ഗവണ്മെൻറിൻറെ ഒരു പ്രത്യേക നയമാണു്. പ്രൈവറ്റദ്ധ്യാപകന്മാക്കു് നിയമപരമായി പരിരക്ഷ നൽകുമെന്നു പറയുമ്പോൾ അതിനെ എതിർക്കുന്നതു ആ പ്രത്യേക നയത്തിൽ പെടുന്നതാണു്. മാനേജരന്മാരെ വിദ്യാഭ്യാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായി ഈ ഗവണ്മെൻറ് കരുതുന്നില്ലെങ്കിൽ തുല്യശമ്പളവും അലവൻസും അവക്കു കൊടുക്കുന്നതിനും അതു് ഗവണ്മെൻറ നേരിട്ടതന്നെ കൊടുക്കുന്നതിനും ഏർപ്പാടുചെയ്യണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എ. താണുപിള്ള: ഈ പ്രമേയത്തെ അനുകൂലിക്കുകയാണു് ഈ സഭയുടെ ധർമ്മമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. പക്ഷെ അങ്ങനെ അനുകൂലിക്കുന്നതോടുകൂടി സർക്കാർ ഖജനാവിൽ കിടക്കുന്ന പണം ആക്കെങ്കിലും വാരിക്കൊടുക്കണമെന്നു പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഞാൻ അങ്ങനെ പറഞ്ഞില്ല.

ശ്രീ. എ. താണുപിള്ള: ശ്രീ. മുണ്ടശ്ശേരി അങ്ങനെ പറഞ്ഞില്ല. ഞാനും ശ്രീ. മുണ്ടശ്ശേരിയും ഇക്കാര്യത്തിൽ ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഒരേ അഭിപ്രായക്കാരാണു്. ഏതു കക്ഷിയിൽ ഇരിക്കുന്നു എന്നുള്ളതല്ല കാര്യം. ആളിനു് സ്വതേ ഒരു സത്തയുണ്ടു്. ഞങ്ങൾക്കു പല അഭിപ്രായങ്ങളിലും യോജിപ്പുണ്ടു്. തിരുവിതാംകൂർ–കൊച്ചിയിൽ ജോലിചെയ്യുന്ന അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ വ്യത്യാസം വരാൻ പാടില്ലെന്നുള്ളതിനു യാതൊരു തർക്കവുമില്ല. മറ്റൊന്നു നോക്കിയാൽ ആരാണു് ശമ്പളംകൊടുക്കാൻ ചുമതലപ്പെട്ടവർ? സർക്കാർ ഗ്രാൻറുകൊടുത്തിട്ടു് കുറെ നിങ്ങളും കൊടുക്കണമെന്നു് മാനേജരന്മാരോടു പറഞ്ഞു. പക്ഷെ അവർ ഒരിക്കലും ഒന്നും കൊടുത്തില്ല. ഇന്നും കൊടുക്കുകയില്ല. കൊച്ചിയിൽ ഈ അദ്ധ്യാപകന്മാരുടെ കയ്യിൽ ഒന്നരരൂപയോ മറ്റോ മാനേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. രാമൻപിള്ള]

ജുമെൻറ് കൊടുക്കണമെന്നു് റൂൾ ഉണ്ടായിരുന്നു. എന്നോടതന്നെ അനവധി അദ്ധ്യാപകന്മാർ പറഞ്ഞിട്ടുണ്ട് ഞങ്ങൾക്കു് അതു കിട്ടുന്നില്ലെന്നു്. ഓനേജുമെൻറ് ഇപ്പോഴും കൊടുക്കാൻപോകുന്നില്ല. അദ്ധ്യാപകന്മാർക്കു് തുല്യശമ്പളം കൊടുക്കണമെന്നു പറയുന്നതിൽ വളരെ ന്യായമുണ്ടു്. ഇപ്പോൾ സേവനവ്യവസ്ഥകളും തുല്യമാക്കണം. സ്വന്തസ്ഥലത്തു ഒരു പ്രൈവറ്റസ്കൂളിൽ നിയമനം കിട്ടുന്ന ആൾക്കു് വീട്ടുകാര്യം നോക്കുന്നതിനും മറ്റും സൗകര്യം കിട്ടും. എന്നാൽ ഗവണ്മെൻറ് അദ്ധ്യാപകന്മാരെ സ്വന്തസ്ഥലത്തുതന്നെ വച്ചുകൊണ്ടിരിക്കയില്ല. അവരെ ഇവിടെ നിന്നും മാറ്റുന്നതു തൊട്ടുപഴയപടിയായിരിക്കും. എന്താണു് മാറ്റിയതെന്നു ചോദിച്ചാൽ കഴിഞ്ഞ എലക്ഷനു് ഒരു കോൺഗ്രസ്കാരൻറെ പിറകേ നടന്നില്ലെന്നു് ഒരു പരാതിയുണ്ടെന്നു പറയും. ഞാൻ നിയമനകാര്യത്തെപ്പറ്റി ചുരുക്കമായി പറയുകയാണു്. നിയമനകാര്യം ഗവണ്മെൻറുതന്നെ പരിപൂർണ്ണമായി എടുത്തു നടത്തണം. ഇന്നു് ഡിപ്പാർട്ടുമെൻറുകളിലേക്കു് പബ്ലിക്സർവ്വീസ് കമ്മീഷനാണു് നിയമനം നടത്തുന്നതെങ്കിൽ ഈ രാജ്യത്തെ സകല അദ്ധ്യാപകന്മാരുടേയും നിയമനം പബ്ലിക്സർവ്വീസ് കമ്മീഷൻ തന്നെ നടത്തണം. ഇതിൽ യാതൊരു വ്യത്യാസവും പാടില്ല. ഡിസിപ്ലിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിനു് പ്രൈവറ്റസ്കൂളുകളിലും അധികാരം ഉണ്ടായിരിക്കാം. വേണ്ടിവന്നാൽ അദ്ധ്യാപകന്മാരെ സ്ഥലംമാറ്റുന്നതിനുള്ള അധികാരവും ഡിപ്പാർട്ടുമെൻറിനു ഉണ്ടായിരിക്കണം. ഇപ്പോൾ ചോദിക്കും പിന്നെ എന്തിനാണു് പ്രൈവറ്റസ്കൂളുകൾ എന്നു് പറയുന്നതെന്നു്. പ്രൈവറ്റസ്കൂളുകൾ എന്നു് പറയേണ്ടതാ. എല്ലാ സ്കൂളുകളും ഡിപ്പാർട്ടുമെൻറിലേക്കു് വിട്ടേക്കട്ടെ. ഈ സ്കൂളുകൾ ഉണ്ടാക്കിവിട്ടിട്ടുള്ളതു് ലോകം നന്നാക്കാനും വിദ്യാഭ്യാസം പ്രചരിപ്പിക്കാനുമെന്നല്ലേ പറയുന്നതു്? വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നവരെങ്കിലും സത്യം പറയേണ്ടതല്ലേ? പ്രൈവറ്റസ്കൂളുകൾ ഗവണ്മെൻറിലേക്കു വിടട്ടേ. എന്താണു് ഈ വിടാത്തതു്? ഒരു കെട്ടിടം. മിക്കപ്പോഴും ജനങ്ങളിൽനിന്നും പണംപിരിച്ചു് കെട്ടിയതായിരിക്കും അതു്. അങ്ങനെ ഗവണ്മെൻറിലേക്കു വിട്ടാൽ അവരുടെ ചുമതല കഴിഞ്ഞല്ലോ. ഇപ്പോൾ കുട്ടികളുടെ ഡിസിപ്ലിൻ നോക്കണം, അദ്ധ്യാപകന്മാരുടെ ഡിസിപ്ലിൻ നോക്കണം ഇങ്ങനെ പലതുമുണ്ടു്. ഗവണ്മെൻറിലേക്കു വിട്ടുകഴിഞ്ഞാൽ ഈ പണ്ഡിതന്മാർക്കു് സുഖമായി ഇരിക്കാമല്ലോ. അങ്ങനെ സ്കൂളുകൾ ഏടുക്കുന്നതിനു് ഉള്ള അധികാരവും ഗവണ്മെൻറിനു വേണം. അതിനൊരു നിയമത്തിൻറെ ആവശ്യമുണ്ടെങ്കിൽ നിയമം ഉണ്ടാക്കണം. വേണ്ടിവന്നാൽ വാടകകൊടുത്തോ കാമ്പൻസേഷൻ കൊടുത്തോ എടുക്കണം. യോഗ്യന്മാരായ മാനേജരന്മാർ ഇതൊന്നും കൂടാതെതന്നെ വിട്ടുതരും. അപൂർവ്വം ചിലർ വിടുകയില്ലെന്നു പറഞ്ഞേക്കും. ഇപ്പോഴത്തെ നിലയിലാണെങ്കിൽ സർക്കാർ ഖജനാവിൽ കിടക്കുന്ന കുറെ പണം വാങ്ങാം. നിയമിക്കാനുള്ള അധികാരം തന്നിക്കാണു്, പത്തെഴുപതിനായിരം രൂപ ശമ്പളംകിട്ടും, കൊണ്ടുവാ ആയിരം എന്നാണു് മാനേജരന്മാർ പറയുന്നതു്. അങ്ങിനെ ചെയ്തിട്ടുള്ളതായി എനിക്കറിയാം. പേരു പറഞ്ഞാൽ തെളിയിക്കാൻ പോകാനുംമറ്റും എനിക്കു് ശക്തിയില്ല. ഇതു് കോൺഗ്രസ്സുകാർക്കു് എതിക്കാൻ കഴിയുമോ? ഇതൊക്കെ സാധിച്ചില്ലെങ്കിൽ എന്താണു് സോഷ്യലിസമെന്നു പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പൊക്കെ കമ്മ്യൂണിസ്റ്റുകാരും മറ്റും സമ്മതിക്കും. അതിൽ ഒരു പ്രായവ്യത്യാസമില്ല. അങ്ങിനെയാണെങ്കിൽ ഈ സ്കൂളുകൾ എടുത്താൽ എന്താണ്? ഒരു ദരിദ്രൻ കടംവാങ്ങിയോ മറ്റോ ഉണ്ടാക്കിയിട്ടുള്ള കെട്ടിടമാണെങ്കിൽ അതിനു വാടകകൊടുക്കുകയോ കാമ്പൻസേഷൻ കൊടുക്കുകയോ ചെയ്തുകൊള്ളട്ടെ. ഇതിലേയ്ക്ക് ഒരു നിയമം ഗവണ്മെൻറ് കൊണ്ടുവന്നാൽ യാതൊരു കാലതാമസവുംകൂടാതെ പാസ്സാക്കിക്കൊടുക്കാം. നാളത്തേക്കു നിയമസഭ നീട്ടിവച്ച് ഇന്നൊരു നിയമം കൊണ്ടുവരുമെങ്കിൽ നാളെ 8 മണിക്ക് സഭകൂടി 9 മണിക്കകം പാസ്സാക്കിക്കൊടുക്കാമെന്ന് ഞാൻ ഏൽക്കുന്നു. ഞാൻ ഏറ്റാൽ മതിയോ എന്നു് ചോദിച്ചേക്കാം. നല്ലകാര്യങ്ങൾക്കു ഞാൻ ഏറ്റാൽമതി.

പ്രമേയത്തിൽ പറയുന്നതു സർക്കാരിൽനിന്നും ശമ്പളം നേരിട്ടുകൊടുക്കാൻ വേണ്ട നടപടികൾ എടുക്കണമെന്നാണു്. അതു ഗവണ്മെൻറ് ചെയ്യുകതന്നെ വേണം. വെസ്റ്റഡ് ഇൻറെറസ്റ്റ് എന്നൊരുവക എല്ലായിടത്തുമുണ്ടു്. അതിനെ ബാധിക്കാത്തതരത്തിൽ കാൺഗ്രസ്സിനു് തിരുവിതാംകൂർ–കൊച്ചിയിൽ എന്നല്ല, ഭാരതത്തിൽ കാര്യമായി ഒന്നും ചെയ്യാൻ സാധിക്കയില്ല. ഇവിടെ മാനേജുമെൻറ് എൻ. എസ്സ്. എസ്സിനും എസ്സ്. എൻ. ഡി. പി–ക്കും കാത്തലിക്കു് ചർച്ചിനും ഉണ്ടു്. ഈ സ്കൂളുകൾ നടത്തുന്നവരെല്ലാം പരമയോഗ്യന്മാരാണെന്നു് എനിക്കറിയാം. അവർ വിദ്യാഭ്യാസം നടത്തുന്നതു് അവരുടെ ലാഭത്തിനാണോ? അവരെ വിളിച്ചു് ഞങ്ങൾ സോഷ്യലിസ്റ്റ് റസല്യൂഷൻ പാസ്സാക്കിയിട്ടുണ്ടു്, നിയമസഭയിൽ ഭൂരിപക്ഷവും നിങ്ങൾക്കെതിരാണു്; ഞങ്ങൾ വല്ലതുമൊക്കെ തരാം, നിങ്ങളെ ബുദ്ധിമുട്ടിക്കണമെന്നില്ല. എന്നൊക്കെ പറഞ്ഞാൽ അവർ അതു സമ്മതിക്കും. അങ്ങിനെ ചെയ്യണം. വല്ലവരും നിയമിച്ചിട്ടുള്ള നിങ്ങൾ വന്നു് തുല്യശമ്പളം വേണം എന്നു പറയുന്നതിൻറെ അർത്ഥം എന്താണെന്നു ഞാനും ചില പ്രൈവറ്റസ്കൂൾ അദ്ധ്യാപകന്മാരോടു ചോദിച്ചിട്ടുണ്ടു്. അങ്ങിനെ ചോദിക്കുന്നതു നിയമപ്രകാരം ശരിയാണെങ്കിലും തത്വത്തിൽ അതു ശരിയല്ല. മനുഷ്യർക്കു് എല്ലാവർക്കും ന്യൂനതയുണ്ടു്. മറ്റുള്ളവരെപ്പോലെ ഞാനും എന്നു് വിചാരിക്കാനുള്ള അവസരം അദ്ധ്യാപകന്മാർക്കു് ഉണ്ടാക്കിക്കൊടുക്കണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ശ്രീ. വിവേകാനന്ദൻറെ പ്രമേയത്തിൽ രണ്ടു് ആശയങ്ങൾ കൊള്ളിച്ചിട്ടുണ്ടു്. പ്രമേയത്തിലെ ആദ്യ ഭാഗത്തെ എല്ലാവരും വളരെ വളരെ ഹാർദ്ദമായി സ്വാഗതം ചെയ്യുമെന്നുള്ളതിൽ എനിക്കു് സംശയമില്ല. രണ്ടാമത്തെ ഭാഗത്തെ സ്വാഗതം ചെയ്യുന്നതു് ചില ആളുകൾ മാത്രമാണു്. ആ ഭാഗം സ്വാഗതം ചെയ്യുന്നതു് ബഹുമാന്യനായ തിരുവനന്തപുരം മെമ്പർ സൂചിപ്പിച്ചപോലെ ചില രാഷ്ട്രീയാരണകൾ കൊണ്ടാണെന്നാണു് എൻറെ അഭിപ്രായം. വളരെ വ്യക്തമായി എല്ലാ വിദ്യാലയങ്ങളും ദേശവൽക്കരിക്കണമെന്നു് ഒരു പ്രമേയം കൊണ്ടുവന്നിരുന്നുവെങ്കിൽ അതിനെപ്പറ്റി സംസാരിക്കാമായിരുന്നു. ഗവണ്മെൻറ് അദ്ധ്യാപകന്മാരോടൊപ്പം പ്രൈവറ്റ് വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കും എല്ലാ വേതനങ്ങളും സൗജന്യങ്ങളും ലഭിക്കണമെന്നുള്ളതു് നീതിയുടെ പേരിലുള്ള ഒരു മുറവിളിയാണു്. അതിനെപ്പറ്റി ആർക്കും അഭിപ്രായവ്യത്യാസങ്ങൾ ഒന്നും ഇല്ല. രാജ്യത്തിൻറെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്]

നന്മയ്ക്കും പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിനും ജനതയുടെ നില നിൽപ്പിനും ഇതാവശ്യമാണെന്ന് പറയുന്നതിന് ഏതെങ്കിലും യാതൊരു മടിയും ഇല്ല. രണ്ടാമത്തെ ഭാഗത്തിൽ സൂചിപ്പിച്ചിരിക്കുന്ന ദേശവൽക്കരണം എന്നുള്ളതു് ഈ രാജ്യത്തു് പ്രായോഗികമാണോ എന്നും അതിന്റെ ആവശ്യമുണ്ടോ എന്നും ആലോചിക്കണം. അതാണോ നമ്മുടെ മുമ്പിൽ നിൽക്കുന്ന അടിയന്തിര പ്രശ്നം എന്ന് സമചിത്തതയോടുകൂടി ആലോചിക്കണം. ചില മാനേജരന്മാർ മര്യാദകാരന്മാരാണെന്നും അല്ലെന്നും ആക്ഷേപിച്ചുകൊണ്ടല്ലാ ഞാനിതു പറയുന്നതു്. സത്യത്തിന്റെയും നീതിയുടേയും വെളിച്ചത്തിൽ നന്മകൊണ്ടു് മാനേജ്മെന്റ വിദ്യാലയങ്ങൾ ഇവിടെ പ്രവർത്തിച്ചില്ലെങ്കിൽ വിദ്യാഭ്യാസം മുന്നോട്ടുകൊണ്ടുവരാൻ സാധിക്കുമായിരുന്നോ എന്ന് എല്ലാവരും ആലോചിക്കണം. ഇന്ന് എന്തോ വൈരാഗ്യം കൊണ്ടോ തെറ്റിദ്ധാരണകൊണ്ടോ മാനേജ്മെന്റിനെ ഇല്ലാതാക്കിയാൽ ഈ രാജ്യം സ്വർഗ്ഗമാകുമെന്ന് ചിലർ കരുതുന്നു. പാവപ്പെട്ട അദ്ധ്യാപകന്റെ കാര്യം നിറവേറുമെന്ന് വാദിക്കുമ്പോൾ ഇങ്ങനെയുള്ള വാദങ്ങൾ ഉണ്ടാകുന്നതു് ഈ രാജ്യത്തിന്റെ ദുർവിധിയാണെന്ന് ഞാൻ വിചാരിക്കുന്നു.

പ്രൈവറ്റ മാനേജ്മെന്റുകൾ അനീതിയും അക്രമവും നടത്തുന്നുണ്ടെങ്കിൽ, ഞാൻ വാദത്തിനുവേണ്ടി പറയുകയാണു്, ശ്രീമാൻ താണുപിള്ളയുടെ മുമ്പിൽ ഏതെങ്കിലും പ്രൈവറ്റ മാനേജ്മെന്റിലുള്ള അദ്ധ്യാപകൻ ഗവണ്മെന്റിൽ നിന്നും കൊടുക്കുന്ന ശമ്പളം കിട്ടിയിട്ടില്ലെന്ന് പരാതിപ്പെട്ടിട്ടുള്ളതായി പറയാൻ ഞാൻ അദ്ദേഹത്തെ ആദരപൂർവ്വം വെല്ലുവിളിക്കുന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പു് ഇന്നത്തെ മുഖ്യമന്ത്രി പറയുകയുണ്ടായി അദ്ധ്യാപകന്മാർക്കു് ശമ്പളം കിട്ടുന്നില്ലെന്നുള്ള ഒരു പരാതിയും കിട്ടിയിട്ടില്ലെന്നു്. ഇങ്ങനെ നോക്കുമ്പോൾ രാജാവിനെക്കാൾ രാജസ്വത്തിനുവേണ്ടി മറ്റാരാൾ വാദിക്കുന്നതായിട്ടാണു് തോന്നുന്നതു്. ഈ വാദത്തിന്റെ പിന്നിൽ നിൽക്കുന്ന ആത്മാർത്ഥത ഇല്ലായ്മ എല്ലാ മെമ്പറന്മാരും പറയണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്. ഇന്നു് ഏതു വിദ്യാലയത്തിലും അയച്ചു് തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് അവകാശം ഉണ്ടു്. ആ നിലയിൽ ഗവണ്മെന്റ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളോടുള്ള കടമ പ്രൈവറ്റ സ്കൂളുകളിലെയുള്ള വിദ്യാർത്ഥികളോടും ഗവണ്മെന്റ നിർവ്വഹിക്കേണ്ടതുണ്ടു്. ഈ രണ്ടു് സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികളോടു് സ്റ്റേറ്റ് നീതിചെയ്യേണ്ടതു് ആവശ്യമാണു്. ഈ രണ്ടു സ്ഥാപനങ്ങളേയും തുല്യനിലയിൽ പരിഗണിക്കേണ്ടതാണെന്നുള്ള അടിസ്ഥാനതത്വം വിസ്മരിച്ചുകൊണ്ടാണു് വാദഗതികൾ മുമ്പോട്ടുപോയതു്. ഈ പ്രമേയത്തിലെ ആദ്യഭാഗത്തോടു് യോജിക്കുകയും രണ്ടാമത്തെ ഭാഗം ഒരുദ്ദേശപരമായതുകൊണ്ടു് എതിർക്കുകയും ചെയ്യുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. പ്രമേയത്തിലെ ഭാഗത്തെ അനുകൂലിക്കുന്ന മറുഭാഗത്തിരിക്കുന്ന സ്നേഹിതന്മാർ രണ്ടാമത്തെ ഭാഗത്തെ എതിർക്കുകയുണ്ടായി. രണ്ടാമത്തെ ഭാഗത്തു് എന്തോ നാഷനലൈസേഷൻ ഉൾക്കൊള്ളുന്നുണ്ടെന്നു് ഒരു തിയാണു് എതിർത്തതെന്നു തോന്നുന്നു. രണ്ടാമത്തെ ഭാഗത്തിൽ അങ്ങനെയുള്ള ദേശവൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കരുതെന്നൊന്നും ഉദ്ദേശിക്കുന്നില്ല. പ്രൈമറി സ്കൂളുകൾ ദേശസാൽക്കരിക്കണമെന്നു പറഞ്ഞിരുന്നുവെങ്കിൽതന്നെയും എനിക്കും എന്റെ കക്ഷിയിൽപ്പെട്ട ആളുകൾക്കും വലിയ അഭിപ്രായവ്യത്യാസമൊന്നും ഉണ്ടാകുകയില്ല. പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു് തുല്യജോലിക്കു് തുല്യവേതനം നൽകണമെന്നുള്ള തത്വം അംഗീകരിക്കണമെന്നാണു്. അതാണു് പ്രമേയത്തിലെ ഏറ്റവും കാതലായ ഭാഗം. ഐ. എൽ. ഒ. തന്നെ സമ്മതിച്ചിട്ടുള്ള ഒരു തത്വമാണതു്. ഇൻഡ്യാഗവണ്മെന്റും മിക്കവാറും അതു സ്വീകരിച്ചിട്ടുള്ളതാണു്. ആ നിലയിൽ തുല്യജോലിക്കു് തുല്യവേതനം നൽകുന്നതിൽ എതിർക്കും യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടാകേണ്ടതില്ല. അദ്ധ്യാപകന്മാർക്കു് ശമ്പളം മാനേജരന്മാർ കൊടുക്കണമോ അതോ ഗവണ്മെന്റു കൊടുക്കണമോ എന്നുള്ളതാണു് രണ്ടാമത്തെ വാദം. ഗവണ്മെന്റിൽനിന്നും കൊടുക്കുന്ന തുക ഇടയ്ക്കുള്ള ആളുകൾ ചോർത്തിയെടുക്കാതെ അദ്ധ്യാപകന്മാർക്കു് കിട്ടുന്നതിനുള്ള ഏർപ്പാടു ചെയ്യേണ്ടതു് നമ്മുടെ ഖജനാവിൽനിന്നും കൊടുക്കുന്ന പണത്തെ സംബന്ധിച്ചിടത്തോളം ഈ സഭ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്. മാനേജരന്മാർ ഈ തുക മുഴുവൻ അദ്ധ്യാപകന്മാർക്കു കൊടുത്തില്ലെങ്കിൽ യാതൊരു നിവൃത്തിയുമില്ല. ശമ്പളം നേരത്തെ കൊടുക്കാൻ മാനേജർ വിസമ്മതിച്ചാൽ അദ്ധ്യാപകന്മാർക്കു തിർച്ചയായും ഈ മാസത്തെ ശമ്പളം പറവന്നതിനു കഴിയാതെവരും. ഇപ്പോൾതന്നെ സെക്കൻററി സ്കൂളുകളിലെ റിട്രെഞ്ച്മെൻറ് നടപ്പാക്കുന്നതിനു് അദ്ധ്യാപകന്മാർ ഒന്നും രണ്ടും മാസത്തെ ശമ്പളം കൊടുക്കാതിരിക്കുന്നതു് ഒരു നയം ചില മാനേജരന്മാർ സ്വീകരിക്കുകയും അതിനെ മാനേജരന്മാർ ഇടപെടുകയും ചെയ്തിട്ടുണ്ടു്. പൊതുഖജനാവിൽനിന്നും മാനേജുമെൻറുവഴി കൊടുക്കുന്ന പണം അവർ ശരിയായി വിനിയോഗിക്കുകയില്ലെന്നു ആരെങ്കിലും സംശയം പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ മറുഭാഗത്തിരിക്കുന്നവർ കോപിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സർക്കാർ നേരിട്ടു കൊടുക്കണമെന്നു് പറയുമ്പോൾ അങ്ങിനെ ചെയ്യാൻ പാടില്ലെന്നല്ല പറയുന്നതു് സ്വകാര്യലാഭേച്ഛയെയാണു് കാണിക്കുന്നതു്. തിരുവിതാംകൂർ–കൊച്ചിയിലെ സ്വകാര്യവിദ്യാലയങ്ങളെടുത്താൽ അതെല്ലാംതന്നെ നടത്തുന്നതു് ഓരോ സ്ഥാപനങ്ങളാണെന്നു് നാം പ്രത്യേകം മനസ്സിലാക്കണം. വ്യക്തികളുടെ ധനംകൊണ്ടു്, വ്യക്തികളുടെ മാനേജുമെൻറിൽ നടത്തുന്ന സ്കൂളുകൾ വളരെ കുറവാണു്. ഒന്നുകിൽ മതസ്ഥാപനങ്ങളോ അല്ലെങ്കിൽ സാമൂഹ്യസംഘടനകളോ നടത്തുന്ന വിദ്യാലയങ്ങളാണു് ഇവിടെ ഉള്ളതു്. മിക്കവാറും 85 ശതമാനം സ്കൂളുകളും പൊതുസ്ഥലത്തിൽനിന്നു് കെട്ടിയിട്ടുള്ള സ്കൂളുകളാണു്. അതുകൊണ്ടു് ഈ പ്രൈവറ്റു സെക്ടറിലുള്ള സ്കൂളുകളെല്ലാം വ്യക്തികളുടെ സ്വാർത്ഥത്തുകൊണ്ടു് ഉണ്ടാക്കിയിട്ടുള്ളതാണെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. പ്രമേയത്തിലെ തത്വത്തോടു ഗവണ്മെൻറു യോജിക്കുന്നുണ്ടെങ്കിൽ ആ തത്വം പ്രായോഗികമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ട ബാദ്ധ്യത ഗവണ്മെൻറിനുണ്ടു്. ഗവണ്മെൻറു കൊടുക്കുന്ന ഗ്രാൻറു് യഥാർത്ഥ അവകാശികൾക്കുതന്നെ കിട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ട ബാദ്ധ്യത ഗവണ്മെൻറിനുണ്ടു്. അതുകൊണ്ടു് ഈ പ്രമേയത്തെ പൂർണ്ണമായി അനുകൂലിക്കുന്നതിനു് ഗവണ്മെൻറു മടികാണിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സ്വകാര്യ എജൻസികളുടെ വിദ്യാഭ്യാസരംഗത്തുള്ള പ്രവർത്തനം മന്ത്രിസഭകൾക്കു് മറിച്ചിലുകളുംമറവും ഉണ്ടാക്കുന്ന ഒരു പ്രശ്നമാണു്. സർ, അദ്ധ്യാപികമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

പ്രസവകാല വേതനം അവധി ഇവയെ സംബന്ധിച്ചിടത്തോളം പ്രൈവറ്റ സെക്ടറിലും പബ്ലിക്ക സെക്ടറിലും വ്യത്യസ്തത ഉണ്ടായിരിക്കരുതു്. ഒരേ ജോലിചെയ്യുന്ന ആളുകൾക്കു് ഒരുപോലെയുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഈ മന്ത്രിസഭ, പ്രത്യേകിച്ചും സോഷ്യലിസത്തിലേക്കു് കാൽ ഗ്രസ്സു് നീങ്ങികൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, സ്വകാര്യ ഏജൻസികളെ പ്രീണിപ്പിക്കുന്നതിനു തയ്യാറാകാതെ ഈ പ്രമേയം സ്വീകരിക്കണമെന്നാണു് ഒരു അദ്ധ്യാപകബന്ധു എന്നു് പലപ്പോഴും പലരും അവകാശപ്പെട്ടിട്ടുള്ള മുഖ്യമന്ത്രിയോടു് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു്.

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ പ്രമേയത്തിന്റെ വാദപ്രതിവാദാവസരത്തിൽ ഈ സഭയിൽ പ്രകടിപ്പിച്ചുകണ്ട വിചാരഗതികളിൽ പലതിനോടും ഞാൻ യോജിക്കുകയാണു് ചെയ്യുന്നതു്. അഭിപ്രായവ്യത്യാസങ്ങൾ ഇതിനുമുമ്പു പ്രസംഗിച്ചവർത്തമാനത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതു കേവലം പദങ്ങളുടെ ഒരു ടിറനു് മൂലം ഉണ്ടായിട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു. പദങ്ങൾക്കു് വലിയ ഒരു സ്വേച്ഛാധിപത്യം മനുഷ്യന്റെ മനസ്സിൽ ഉണ്ടാക്കാനുള്ള കഴിവുണ്ടു്. അദ്ധ്യാപകന്മാക്കു് ശമ്പളം ഗവണ്മെന്റു നേരിട്ടുകൊടുക്കണമെന്നു് ഒരാൾ പറയുമ്പോൾ അതു് ദേശവൽക്കരണമാണെന്നു് ശ്രീ. കെ. എം. ജോർജ്ജു് തെറ്റിദ്ധരിച്ചു. അതുപോലെ തന്നെ അദ്ധ്യാപകന്മാക്കു് ശമ്പളം നേരിട്ടുകൊടുത്താൽ അതു് ദേശവൽക്കരണമാകുമെന്നു് വേറെ ചിലരും തെറ്റിദ്ധരിച്ചു. ഈ വക കാര്യങ്ങളെല്ലാം അൽപ്പം സമചിത്തതയോടുകൂടി നാം സമീപിക്കുകയാണെങ്കിൽ ഈ നിയമസഭയിലെ ഒരു കക്ഷിയിൽപ്പെട്ടവക്കും തമ്മിൽ അഭിപ്രായവ്യത്യാസം ഇല്ലെന്നു കാണാൻ കഴിയും.

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. താണുപിള്ള പറഞ്ഞ അഭിപ്രായങ്ങൾ എത്രതന്നെ വിലയുള്ളതായാലും അതു് ഇന്നത്തെ ഈ പ്രമേയത്തോടു യോജിക്കുന്നില്ല. അദ്ദേഹം പറയുന്നതു് നമ്മുടെ രാജ്യത്തു ഇന്നത്തെരീതിയിലുള്ള പ്രൈവറ്റസ്കൂളുകൾ ആവശ്യമില്ലെന്നാണു്. അദ്ധ്യാപകന്മാരെ ഒക്കെ പബ്ലിക്കു സർവീസു് കമ്മിഷൻ മുഖേന തിരഞ്ഞെടുത്തു് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകന്മാരോടൊപ്പം ശമ്പളം സർക്കാരിൽനിന്നും നേരിട്ടു കൊടുക്കണമെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. അതായതു നമ്മുടെ രാജ്യത്തുള്ള സ്കൂളുകളെല്ലാം ഒരുപോലെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആക്കുന്നതാണു് നല്ലതെന്നു് അദ്ദേഹം പറയുകയുണ്ടായി. അതിനു് നാളെ പുലരുന്നതിനുമുമ്പു് ഒരു നിയമനിർമ്മാണവും മറ്റും കൊണ്ടുവരാൻ സാധ്യമല്ലെന്നു് അദ്ദേഹത്തിനുമറിയാം. അദ്ദേഹം വിദ്യാഭ്യാസമന്ത്രിയും മുഖ്യമന്ത്രിയുമായിരുന്നകാലത്തു് അങ്ങിനെ ഒരു നിയമം കൊണ്ടുവരാൻ മുതിരുകയുണ്ടായില്ല. അന്നും പ്രൈവറ്റ സ്കൂളദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം വളരെ വിഷമങ്ങൾ ഉണ്ടായിരുന്നു.

കഴിഞ്ഞ നിയമസഭാകാലത്തു്, പ്രൈവറ്റ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ഗ്രാന്റു മുൻപു നിലവിലിരുന്ന കാൺഗ്രസുമന്ത്രിസഭ വേണ്ടുവോളം ഉയർത്തിയില്ല എന്നു കാരണം പറഞ്ഞു തിരഞ്ഞെടുപ്പുകാലത്തു ചില ബഹളങ്ങളും സമരങ്ങളും ഉണ്ടായിട്ടുണ്ടു്. ഇതൊക്കെ കഴിഞ്ഞിട്ടും ഈ സ്ഥിതിക്കു മാറ്റംവരുത്താൻ ശ്രീ. താണുപിള്ളയുടെ മന്ത്രിസഭ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ശ്രമവും ചെയ്തിട്ടില്ല. സർ, ഞാൻ കുറച്ചുപ്പെടുത്തുകയല്ല. ഇതൊന്നും തന്നെ നാളെ പുലരുംമുൻപു ചെയ്തുതീർക്കാവുന്നവയല്ല. ഈ വിഷയത്തിൽ എനിക്കും ഗവണ്മെൻറിനും, കാൺഗ്രസുപാർട്ടിക്കുമുള്ള അഭിപ്രായം ഞാൻ ഈ സഭയെ അറിയിക്കാനാഗ്രഹിക്കുകയാണു്. മി. വിവേകാനന്ദൻറെ പ്രമേയം പ്രൈവറ്റ് എയിഡഡ് സ്കൂൾ അദ്ധ്യാപകരെപ്പറ്റിയാണു്. അതായതു മാനേജുമെൻറുകൾ നടത്തുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെപ്പറ്റി. എയിഡഡ് അദ്ധ്യാപകർ എന്നുവച്ചാൽ, മാനേജുമെൻറുകൾ നടത്തുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ, അതായതു് സർക്കാരിൽനിന്നു എയിഡ്കൊടുത്തു നടത്തുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ എന്നാണർത്ഥം.

ശ്രീ. ഡി. വിവേകാനന്ദൻ : ഗവണ്മെൻറു നടത്തുന്നതും, മാനേജുമെൻറുകൾ നടത്തുന്നതുമല്ലാത്ത വേറെ സ്കൂളുകൾ ഇവിടെയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതു തെറ്റാണെന്നു പറയുകയല്ല.

സർക്കാരിൽനിന്നും സഹായധനം വാങ്ങി നടത്തുന്ന സ്കൂളുകൾ ഗവണ്മെൻറു നിയന്ത്രണത്തിലാണു് നടക്കുന്നതു്. ശ്രീ. താണുപിള്ളയുടെ പ്രസ്താവന എത്രതന്നെ പ്രാധാന്യമുള്ളതായാലും ഈ പ്രമേയത്തിനു പ്രസക്തമല്ല. ഈ പ്രമേയത്തെ ശ്രീ. താണുപിള്ള അനുകൂലിക്കുകയാണു ചെയ്യുന്നതു്.

ശ്രീ. എ. താണുപിള്ള : സർ, ഈ കാര്യത്തിൽ എൻറെ നിലപാടു വ്യക്തമാക്കണമെന്നു വിചാരിക്കുന്നു. എല്ലാ സ്കൂളുകളും ഗവണ്മെൻറു ഏറ്റെടുക്കണമെന്നു ഞാൻ പറഞ്ഞില്ല. രീതി ഉണ്ടാക്കണം, പ്രൈവറ്റുസ്കൂളുകളിൽ അദ്ധ്യാപകന്മാരുടെ നിയമനക്കാര്യങ്ങളിലും മറ്റും ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകന്മാർക്കെന്നപോലെ വ്യവസ്ഥ ഉണ്ടായിരിക്കണം. ഡിസിപ്ലിനും, ശമ്പളവും, മറ്റു എല്ലാ സേവനവ്യവസ്ഥകളും ഒരുപോലെ ആയിരിക്കണം എന്നാണു് എൻറെ വ്യക്തമായ അഭിപ്രായം. ഇങ്ങനെയൊക്കെ നിയമങ്ങൾ ഉണ്ടാക്കിയാൽ അതു അംഗീകരിക്കാൻ വിസമ്മതിക്കുന്ന മാനേജുമെൻറുകൾ ഉണ്ടെങ്കിൽ അവരുടെ സ്കൂളുകൾ ഗവണ്മെൻറു ഏറ്റെടുത്തു നടത്തണം. അങ്ങനെ ഏറ്റെടുക്കാനുള്ള വ്യവസ്ഥയുണ്ടായിരിക്കണമെന്നാണു ഞാൻ പറഞ്ഞതു്. സ്കൂളുകൾ എല്ലാം ഗവണ്മെൻറു ഏറ്റെടുത്തു നടത്തണമെന്നു എനിക്കു അഭിപ്രായമുണ്ടെങ്കിലും അതൊന്നും ഈ പ്രമേയത്തിനകത്തു വരാത്തതുകൊണ്ടു ഞാൻ പറയുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബറുടെ ഈ അഭിപ്രായങ്ങൾ ശരിയാണു്.

സർ, അതുകൊണ്ടു മാനേജുമെൻറുകൾ നടത്തുന്ന സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു്, സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകന്മാരോടൊപ്പം ശമ്പളം വേണമെന്ന പ്രമേയത്തിൽ പറയുന്നുണ്ടു്. ആ തത്വം ഗവണ്മെൻറു സ്വീകരിക്കുന്നു. അതു നിയമംമൂലം സാധിക്കേണ്ടതാണു്. അതിനു മുൻപായി മറ്റു ആനുകൂല്യങ്ങളും സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്കു തുല്യമായി അനുവദിക്കണം. അതു ഗവണ്മെൻറിനു സ്വീകാര്യമാണു്. എഡ്യുക്കേഷൻ ഗ്രാൻറിലും ശമ്പളസ്കെയിൽ നിശ്ചയിക്കണമെന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സക്കാർ സ്കൂൾ അദ്ധ്യാപകന്മാക്ക് 100 രൂപ ശമ്പളസ്കെയിൽ എന്നു നിശ്ചയിച്ചുത്, എയിഡഡ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും 100 രൂപ എന്നു നിശ്ചയിക്കണം. അതാണു കാൺസ്റ്റിറ്റ്യൂഷൻ അനുശാസിക്കുന്നതു്. ഭരണഘടനയിൽ, 39-ാംആർട്ടിക്കിളിൽ പറയുന്നതു്:

> "The State shall direct its policy towards securing that there is equal pay for equal work both for men and women".

ഈ പ്രമേയത്തിന്റെ തത്വത്തോടു യോജിക്കുന്നതിനു് ഭരണഘടനയിൽ തന്നെ നിയമം കാണുന്നു. അങ്ങനെ നിയമം ഉണ്ടാക്കുന്നതിനും, സക്കാർ സ്കൂളിലെയും മാനേജുമെൻറ് സ്കൂളുകളിലെയും അദ്ധ്യാപകക്ക് തുല്യ ജോലിക്കു് തുല്യശമ്പളം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളത്തിനും, സേവനവ്യവസ്ഥകൾക്കും എല്ലാംതന്നെ ഐകരൂപ്യം വരുത്തുന്നതിനും ഗവണ്മെൻറിനു സമ്മതമാണു്. കൊച്ചിയിൽ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാക്കു് ഗവണ്മെൻറ് സ്കൂൾ അദ്ധ്യാപകരുടെ ശമ്പളംതന്നെയായിരുന്നു. അങ്ങനെ ശമ്പളം കൊടുക്കുന്നതിനു് ആ സ്കൂളുകൾ നടത്തുന്ന മാനേജുമെൻറുകൾക്കു് ഒരു സഹായധനം, എയിഡ് കൊടുക്കുകയാൽ എയിഡഡ് സ്കൂളുകൾ എന്നു പറഞ്ഞുവരുന്നു. ആ വ്യവസ്ഥ തിരുവിതാംകൂർ വിഭാഗത്തു് ആദ്യം ഉണ്ടായിരുന്നില്ല. കൊച്ചിയിൽ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകക്കു് ശമ്പളസ്കെയിൽ 14 അണയോ മറ്റോ ഒരു തോതുവച്ചു് ഗ്രാൻറ് കൊടുത്തിരുന്നു. അതുകൊണ്ടാണു് ആ സ്കൂളുകൾ എയിഡഡ് സ്കൂളുകൾ എന്നു വിളിക്കപ്പെടുന്നതു്. ഇപ്പോൾ പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളത്തിന്റെ കാര്യത്തിൽ ഇതുപോലെ ഒരു പ്രശ്നം ഉണ്ടു്. പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ നിശ്ചയിച്ചിട്ടു് ലിബറലായിട്ടു് ഒരു ഗ്രാൻറ് കൊടുക്കുക എന്നതാണോ, അതല്ല, ശ്രീ. രാമണപിള്ള പറയുന്നതുപോലെ ഒരു ലജിസ്ലേഷൻതന്നെ വേണോ എന്നതാണു് ആലോചിക്കാനുള്ളതു്. ഇതു സംബന്ധിച്ചുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. മുണ്ടശ്ശേരി പറഞ്ഞമാതിരി എയിഡുകൊടുക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകക്കു് ശമ്പളത്തുക ന്യായമായി കിട്ടുന്നുണ്ടോ, അങ്ങനെ കിട്ടുന്നില്ലെങ്കിൽ എന്താണു ചെയ്യേണ്ടതു് എന്നൊരു പ്രശ്നമുണ്ടു്. അദ്ധ്യാപകക്കു് ശമ്പളം കിട്ടുന്നില്ലെന്നൊരു പരാതി ഇതുവരെ ഉണ്ടായിട്ടില്ല. ശ്രീ. രാമണപിള്ള പറഞ്ഞമാതിരി ചില പരാതികൾ കേൾക്കുന്നുണ്ടു്. നല്ല ശമ്പളമുള്ള ഒരു ജോലി കൊടുക്കുന്നതിനുവേണ്ടി മാനേജുമെൻറുകൾ ചിലരോടു് പണം ചോദിക്കുന്നുണ്ടു്, അതു് കെട്ടിടം പണികൾക്കും മറ്റാവശ്യങ്ങൾക്കുമാണെന്നു പറയാറുമുണ്ടു്. അങ്ങനെ എനിക്കു് നേരിട്ടറിവില്ല. ശ്രീ. രാമണപിള്ള പറയുന്നതുപോലെ, പലരും പറയുന്നുണ്ടു്. അങ്ങനെയല്ലാതെ, അവർക്കുവേണ്ടി സക്കാർ കൊടുക്കുന്ന ഗ്രാൻറ് ഇൻ എയിഡു് തുകയിൽനിന്നും പ്രൈവറ്റ് സെക്കൻഡറി സ്കൂൾ സ്റ്റാഫിനു് അനുസരിച്ചു് 35 രൂപ ശമ്പളം എല്ലാവർക്കും കിട്ടുന്നുണ്ടെന്നുതന്നെയാണു് വിശ്വസിക്കേണ്ടതു്. കിട്ടുന്നില്ലെന്ന പരാതികൾ ഇല്ലാത്തതുകൊണ്ടു് അങ്ങനെ വിശ്വസിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പക്ഷെ കിട്ടാതെവന്നാൽ എന്തുചെയ്യും?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ: അതിനെപ്പറ്റിയാണ് പറഞ്ഞതു്. ഇതിനെപ്പറ്റിയുള്ള ഒരു ആലോചനാസമ്മേളനത്തിൽ പ്രൈവറ്റ് സെക്കൻഡറി സ്കൂൾ സ്റ്റീം സംബന്ധിച്ചുള്ള ഒരു യോഗത്തിൽ ബഹുമാനപ്പെട്ട ചേർപ്പു മെമ്പറുണ്ടായിരുന്നു, അദ്ധ്യാപകരുടെ പ്രതിനിധികൾ ഉണ്ടായിരുന്നു, മാനേജുമെൻറുകളുടെ പ്രതിനിധികളുമുണ്ടായിരുന്നു. ഗ്രാൻറ് ഇൻ എയിഡ് കൊടുക്കുന്ന സംഖ്യ പബ്ലിക്ക് മണിയായി കരുതപ്പെടണമെന്നും, അതു് യഥാവസരം അദ്ധ്യാപകനു് കൊടുക്കുന്നില്ലെങ്കിൽ അതു് ബ്രീച്ച് ഓഫ് ട്രസ്റ്റായി കരുതപ്പെടണമെന്നും അഭിപ്രായമുണ്ടായി.

ശ്രീ. ഡി. വിവേകാനന്ദൻ: അദ്ധ്യാപകന്മാർക്കു് ശമ്പളം കൊടുക്കുന്നതിനു വേണ്ടിയല്ലേ മാനേജരന്മാർക്കു് ഗ്രാൻറ കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ: ഗ്രാൻറ കൊടുക്കുന്നതു് അതിനു തന്നെ. സമ്മതിച്ചു. മാനേജുമെൻറ് അദ്ധ്യാപകർക്കു് ശമ്പളം കൊടുത്തിട്ടു് രസീതു ഹാജരാക്കുകയാണു് ചെയ്യുന്നതു്. അങ്ങനെ ശമ്പളം കൊടുത്ത വകയ്ക്കു് മാനേജുമെൻറിനു സഹായധനമായിട്ടാണു് സർക്കാരിൽ നിന്നും ഗ്രാൻറ കൊടുക്കുന്നതു്. അതാണു് തിയറി. അങ്ങനെ ശമ്പളം കൊടുത്തതായിട്ടു് രസീതു ഹാജരാക്കുന്നുവെന്നല്ലാതെ വാസ്തവത്തിൽ അങ്ങനെ നടക്കുന്നില്ല. ഗ്രാൻറ കിട്ടിയിട്ടുതന്നെയാണു് ശമ്പളം കൊടുക്കുന്നതു്. ഗ്രാൻറ കിട്ടിയതിനു ശേഷവും ശമ്പളം കിട്ടിയിട്ടില്ലെന്നു പരാതിയുണ്ടായാൽ എന്തു വേണമെന്നുള്ളതാണു് പ്രശ്നം. ശമ്പളം കിട്ടിയില്ലെന്നു പരാതിയുണ്ടായാൽ ഗവണ്മെൻറിനു ചെയ്യാൻ സാധിക്കുന്നതു അടുത്ത മാസത്തെ ഗ്രാൻറ തടയുക എന്നതു മാത്രമാണു്. അങ്ങനെ ഗ്രാൻറ് തടഞ്ഞാൽ വിഷമിക്കുന്നതു് അദ്ധ്യാപകർ തന്നെ. ബഹുമാനപ്പെട്ട ചേർപ്പു മെമ്പർ പറഞ്ഞതിനോടു് ഞാൻ പരിപൂർണ്ണമായിയോജിക്കുന്നു. മാനേജുമെൻറ് ഗ്രാൻറ വാങ്ങിയിട്ടു് അദ്ധ്യാപകർക്കു കൊടുക്കാതിരുന്നാൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിക്കും, എങ്ങനെ ആ പ്രശ്നം പരിഹരിക്കപ്പെടുമെന്നാണു് ചേർപ്പു മെമ്പർ ചോദിച്ചതു്; ഗവണ്മെൻറിനു് ഈ കാര്യത്തിൽ പ്രയോഗിക്കാവുന്ന ഏറ്റവും വലിയ ആയുധം അംഗീകാരം പിൻവലിക്കുക എന്നതാണു്. മാനേജുമെൻറുകൾ ഗ്രാൻറ വാങ്ങിയിട്ടു് അതു വേണ്ടപോലെ വിതരണം ചെയ്യുന്നില്ലെങ്കിൽ ഈ വജ്രായുധം, അംഗീകാരം പിൻവലിക്കൽ പ്രയോഗിക്കുകയാണെങ്കിൽ, എന്തായിരിക്കും ഫലം? അദ്ധ്യാപകന്മാർ മാത്രമല്ല, പത്തറന്നൂറു വിദ്യാർത്ഥികളും വെള്ളത്തിലാകും. വിദ്യാർത്ഥികൾക്കു് വേറെ സ്കൂളിൽ പ്രവേശിക്കാൻ സാധിക്കാതെവരും. വേറെ സ്കൂളിൽ ചെന്നാൽ എല്ലാവരേയും അവിടെ സ്വീകരിച്ചെന്നു വരികയില്ല. ഇങ്ങനെയുള്ള വൈഷമ്യം പരിഹരിക്കാൻ എന്താണു് മാർഗ്ഗമെന്നു് ആലോചിക്കണം. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറഞ്ഞ വിധത്തിൽ നിയമനിർമ്മാണം വേണമെങ്കിൽ ആകാം. ഗ്രാൻറ കൊടുക്കുന്ന സംഖ്യ ന്യായമായ വിധത്തിൽ അദ്ധ്യാപകന്മാർക്കു കിട്ടുന്നില്ലെന്നു കണ്ടാൽ മാനേജുമെൻറിന്റെ പേരിൽ എന്തു നടപടി നടത്തണം, ഏതെല്ലാം വിധത്തിൽ കാൺസ്റ്റിറ്റ്യൂഷൻ ഹോളേ ചെയ്യാൻ സാധിക്കും എന്നാണു് ആലോചിക്കേണ്ടതു്. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറഞ്ഞ മാതിരി അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

യുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയാണോ, അതോ, അംഗീകാരം കാൻസൽ ചെയ്തിട്ട് വിദ്യാഭ്യാസാവശ്യം പരിഗണിച്ച് സർക്കാരിൽ നിന്ന് മറ്റൊരു സ്കൂൾ തുടങ്ങുകയാണോ, ഏതാണ് നല്ല മാർഗ്ഗം എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ പ്രമേയത്തിന്റെ തത്വത്തോട് അഭിപ്രായവ്യത്യാസമില്ല. തുല്യജോലിക്ക് തുല്യശമ്പളം എന്ന രീതിയിൽ സർക്കാർസ്കൂൾ അദ്ധ്യാപകന്മാർക്കു കൊടുക്കുന്ന ശമ്പളവും അലവൻസും മറ്റെല്ലാ സേവനവ്യവസ്ഥകളും എല്ലാ സ്കൂൾ അദ്ധ്യാപകർക്കും ലഭിക്കത്തക്കവണ്ണം ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് ഒരുക്കമാണ്. ഇതു പ്രായോഗികമാക്കുന്നതിന് ചേർപ്പു മെമ്പർ പറഞ്ഞതുപോലെ റൂൾസ് അംഗീകരിക്കുകയോ, നിയമനിർമ്മാണം വേണമെങ്കിൽ അതോ ആവാം.

ഈ പ്രമേയത്തിൽ രണ്ടാമതു പറഞ്ഞിരിക്കുന്നതു പ്രൈവറ്റ് അദ്ധ്യാപകരുടെ ശമ്പളം സർക്കാരിൽനിന്നും നേരിട്ടു കൊടുക്കണമെന്നാണ്. ഇങ്ങനെ സർക്കാരിൽനിന്നും അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണമെന്നു പറയുമ്പോൾ, അതു മാനേജ്മെന്റിനെ തകിടംമറിക്കാനാണെന്ന് ചിലർ അഭിപ്രായപ്പെട്ടതു ശരിയല്ല. സർക്കാരിൽനിന്നും മാനേജ്മെന്റിനു കൊടുക്കുന്ന ഗ്രാന്റ്, മാനേജ്മെന്റ് അദ്ധ്യാപകർക്കു കൊടുക്കുന്ന ശമ്പളത്തിനു വകവച്ചുള്ള തുകയാണ്. മലബാറിൽ മാനേജ്മെന്റുകൾ നടത്തിവരുന്ന പ്രൈവറ്റ് സ്കൂളുകൾക്ക് ഒരു തുക ലമ്പ് സം ആയി കൊല്ലം തോറും അഞ്ഞൂറോ, ആയിരമോ കൊടുക്കുകയാണെന്ന് ശ്രീ. മുണ്ടശ്ശേരി പറഞ്ഞു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ടീച്ചിംഗ് ഗ്രാന്റായിട്ടും, കണ്ടിൻജൻസി ഗ്രാന്റായിട്ടും ഒരു തുക കൊടുക്കുകയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കാം. അദ്ധ്യാപകർക്ക് ശമ്പളം ഗവണ്മെന്റിൽനിന്നും നേരിട്ടു കൊടുക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ തീർച്ചയായും അവരുടെ ശമ്പളം ഗവണ്മെന്റിൽനിന്നു തന്നെ കൊടുക്കണം. മാനേജ്മെന്റ് മുഖേന അവർക്കു ശമ്പളം കൊടുക്കണമെന്നാണ് തീരുമാനിക്കുന്നതെങ്കിൽ മാനേജ്മെന്റ് കൊടുക്കുന്ന ശമ്പളത്തിനു സർക്കാരിൽനിന്നും സഹായധനം മാനേജ്മെന്റിനു കൊടുക്കണം. ഈ ലാജിക്ക് സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള: എത്ര ശരമാനം മാനേജ്മെന്റുകൾ ഗവണ്മെന്റിൽനിന്നും കൊടുക്കുന്നസഹായധനംകൊണ്ടതേ കൈയിൽ നിന്നു പണം ചെലവാക്കി അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുക്കുന്നുണ്ട്?

11 A. M.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ കുറവായിട്ടെങ്കിലും ഉണ്ട്.

ശ്രീ. ആർ. പ്രകാശം: സർ, നേരത്തേ ഇതിലേയ്ക്ക് സമയം കിട്ടുപ്പെട്ടത്തിയിട്ടുണ്ടെന്നു പറഞ്ഞു. അതനുസരിച്ചു പോകുന്നില്ലെങ്കിൽ മറ്റു പ്രമേയങ്ങൾക്ക് സമയം ലഭിക്കുമോ?

മി. സ്പീക്കർ: അതനുസരിച്ചു പോവുകയായിരുന്നു വേണ്ടതു്. കൂടുതൽ സമയം മറ്റംഗങ്ങൾ എടുത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരത്തിനു കൂടുതൽ സമയം വേണ്ടിവരുന്നു. ഏതായാലും എത്രയും വേഗത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം അവസാനിപ്പിച്ചാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ധ്യാപകന്മാർക്കു ഗ്രാന്റിനും പുറമെ ശമ്പളംകൂടി കൊടുക്കുന്ന മാനേജ്മെന്റുണ്ട്. കിട്ടുന്ന ഗ്രാന്റു മാത്രം കൊടുക്കുന്ന മാനേജ്മെന്റുണ്ട്. കിട്ടുന്ന ഗ്രാന്റിൽ നിന്നു കുറച്ചു കയ്യിലെടുത്തുകൊണ്ടു് ബാക്കി ശമ്പളം കൊടുക്കുന്നവരും ഉണ്ടാകും. ഇതാണു് സാമാന്യമായ സ്ഥിതി. അതുകൊണ്ടു് പ്രമേയത്തിന്റെ രണ്ടാമത്തെ ഭാഗത്തിൽ പ്രൈവറ്റു് അദ്ധ്യാപകരുടെ ശമ്പളം സർക്കാരിൽ നിന്നു നേരിട്ടു കൊടുക്കാൻ പറയുന്ന ആ ഭാഗത്തിൽ ഇന്നത്തെ നിലയ്ക്കു് അധികമൊന്നും സർക്കാരിനു ചെയ്യാവുന്നതായിട്ടില്ല. സർക്കാർ അവരുടെ ശമ്പളമല്ല കൊടുക്കുന്നതു്, ഏയ്ഡു മാത്രമാണു്. അതു് നേരിട്ടു അദ്ധ്യാപകന്മാർക്കു് കൊടുക്കണമെന്നു പറയുന്നതു് ശരിയല്ല. ശമ്പളമായിരുന്നു എങ്കിൽ അതു ശരിയാണു്. അതിനു ലാജിക്കുണ്ടു്. അതുകൊണ്ടു് ഈ പ്രമേയാവതാരകന്റെയും ഈ സഭയിലെ മറ്റംഗങ്ങളുടെയും നിലപാടും, ഗവണ്മെന്റിന്റെ സബ്സ്റ്റാൻഷ്യലായിട്ടുള്ള നിലപാടും ഒന്നുതന്നെയാണെന്നു സുവ്യക്തമായി, സംശയത്തിനിടയില്ലാത്തവിധം, പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് പ്രമേയാവതാരകൻ ഇതു് പ്രസ്സു ചെയ്യുകയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ഈ പ്രമേയം, മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ, പൊതുവെ സ്വീകരിക്കുന്നു എന്നു പറഞ്ഞെങ്കിലും ഇതിലെ രണ്ടാമത്തെ ഭാഗം സ്വീകാര്യമല്ലെന്നാണു് അദ്ദേഹം പറഞ്ഞതു്. അതുകൊണ്ടു് ഞാൻ ഈ പ്രമേയം പ്രസ്സുചെയ്യുന്നു.

The resolution was put and lost.

SHRI D. VIVEKANANDAN:—Sir, I demand a poll.

Apoll was taken when the House divided as follows:

AYES—49.

1	Shri A. Achuthan	13	Shri P. K. Chathan
2	„ P. V. Avira Tharakan	14	„ T. K. Divakaran
3	„ C. C. Ayyappan	15	„ K. C. George
4	„ Baby John	16	„ P. Gopalan
5	„ K. A. Balan	17	Sry. K. R. Gouri
6	„ K. Balakrishnan	18	Shri Joseph Chazhikatt
7	„ R. Balakrishna Pillai	19	„ Joseph Mundassery
8	„ B. B. Pandarathil	20	„ C. Kochukunju
9	„ P. Bhaskaran Nair	21	„ Thalekkare K. Krishnan
10	„ Thoppil Bhaskaran Pillai	22	„ K. Krishna Pillai
11	„ N. Chandrasekharan Nair	23	„ K. S. Krishnan Sastry
12	„ K. Chandrasekhara Sastri	24	„ P. K. Kunjachan
		25	„ P. Kunjan

LIBRARY ARCHIVES Kerala Legislative Assembly

AY ES—(*contd.*)

26 Shri P. K. Kunju
27 „ Kuttappan Koickal
28 „ P. R. Madhavan Pillai
29 „ T. A. Majeed
30 „ U. Neelakantan
31 „ N. Neelakantaru Pandarathil
32 „ M. P. Menon
33 „ V. P. Parameswaran Nambudiri
34 „ R. Prakasam
35 „ N. Raghava Kurup
36 „ C. K. Ramachandran Nair
37 Shri T. S. Ramaswami
38 „ P. Ravindran
39 „ C. G. Sadasivan
40 „ R. Sankaranarayanan Thampi
41. „ K. A. Sivarama Bharathy
42 „ V, Sridharan
43 „ R. Sugathan
44 Dr. P. K. Sukumaran
45 Shri A. Thanu Pillai
46 „ P. Viswambaran
47 „ C. K. Viswanathan
48 „ D. Vivekanandan
49 „ P. K. Yasodaran

NOES—52.

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ V. K. Achutha Menon
4 „ J. Alexander Parambithara
5 „ J. A. Bhatt
6 „ D. Anantaraman
7 „ M. A. Antony
8 „ K. K. Balakrishnan
9 „ T. O. Bava
10 „ M. Bhaskaran Nair
11 „ N. G. Chacko
12 „ A. C. Chacko
13 „ M. P. Chandrasekharan Pillai
14 „ K. M. Chandy
15 „ M. V. Cheriyan
16 „ O. R. Chummar
17 „ T. T. Daniel
18 „ K. M. George
19 „ K. P. Gopala Menon
20 „ Panampilli Govinda Menon
21 Shri K. P. Hormis
22 „ Idiculla Idiculla
23 „ A. J. John
24 „ V. J. Joseph
25 „ K. Karunakaran
26 „ P. Kesava Menon
27 „ T. T. Kesavan Sastry
28 „ K. Kochukuttan
29 „ K. M. Korah
30 „ P. R. Krishnan
31 „ A. Kunjan Nadar
32 Sry. T. C. Leela Devi Amma
33 Shri Manjanatha Prabhu
34 „ P. M. Markose
35 „ C. A. Mathew
36 „ N. Narayana Kurup
37 „ N. A. Noor Mohammed
38 „ N. Parameswaran Pillai
39 „ R. Ponnappa Nadar
40 „ A. A. Rahim

LIBRARY ARCHIVES Kerala Legislative Assembly

NOES—(*contd.*)

41 Shri P. Ramaswami Pillai
42 „ P. J. Sebastian
43 „ V. V. Sebastian
44 „ A. M. Simon
45 „ P. Thanulingam Nadar
46 „ A. Thankiah
47 „ K. T. Thomas
48 Dr. P. T. Thomas
49 Shri P. S. Vasudevan Pillai
50 „ K. I. Velayudhan
51 „ Kalathil Velayudhan Nair
52 „ A. A. D. Luiz

The resolution was declared lost

2. Re:—Treatment of part-time Hindi teachers as full time Hindi teachers and giving them all rights and privileges as other language teachers.

Shri K. K. BALAKRISHNAN: Sir, I move:—

"This Assembly recommends that the part-time Hindi teachers should be treated as full time teachers and be given all rights and privileges as other language teachers."

സർ, ഈ പ്രമേയത്തിലാവശ്യപ്പെട്ടിരിക്കുന്നത് പാർട്ട് ടൈം ഹിന്ദി അദ്ധ്യാപകന്മാരെ ഫുൾ ടൈം ടീച്ചേഴ്സായി പരിഗണിക്കണമെന്നും മറ്റുള്ള ഭാഷാ അദ്ധ്യാപകന്മാർക്ക് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന സകല അവകാശങ്ങളും ഇവർക്കും ലഭിക്കണമെന്നുമാണ്. ഹിന്ദി അദ്ധ്യാപകന്മാരെപ്പറ്റി പറയുമ്പോൾ ഹിന്ദിയെപ്പറ്റിയും രണ്ടുവാക്കു പറയാതെ നിവൃത്തിയില്ല. നമ്മുടെ സുസ്ഥിതിക്കും ഭദ്രതയ്ക്കും ഒരു പൊതുഭാഷ വളരെ അത്യാവശ്യമാണ്. ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയായി ഇൻഡ്യൻ ഭരണഘടനയിൽത്തന്നെ പ്രഖ്യാപിച്ചിരിക്കുന്നു. ഇൻഡ്യൻ ഭരണഘടന നടപ്പിലായി പതിനഞ്ചുവർഷത്തിനകം ഹിന്ദി രാഷ്ട്രഭാഷയാക്കണമെന്നും, ഇന്നു ഔദ്യോഗിക ഭാഷയായ ഇംഗ്ലീഷിന്റെ സ്ഥാനത്തു ഹിന്ദി നടപ്പിലാക്കണമെന്നും, ഇൻഡ്യൻ ഭരണഘടനയിൽത്തന്നെ പറയുന്നുണ്ട്. ഈ കാലഘട്ടത്തിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുവേണ്ടി, അല്ലെങ്കിൽ പഠിപ്പിക്കുന്നതിനുവേണ്ടി ഗവണ്മെന്റിന്റെ ആവശ്യപ്രകാരം ഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്ന പാർട്ട് ടൈം ഹിന്ദി അദ്ധ്യാപകന്മാർക്കു 25 രൂപ മാത്രമാണു വേതനമായി ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ അദ്ധ്യാപകന്മാർ 25 രൂപ ശമ്പളം വാങ്ങിച്ചുകൊണ്ട് എങ്ങിനെയാണു മാന്യമായി ജീവിക്കുന്നത്? ഇതുകൊണ്ട് അവർക്ക് എങ്ങിനെ അവരുടെ കുടുംബങ്ങളെ സംരക്ഷിക്കുവാൻ സാധിക്കും? ഇവരുടെ കഷ്ടതകളെ സംബന്ധിച്ചു പലപ്പോഴും ഗവണ്മെന്റിന്റെ മുമ്പിൽ നിവേദനം നടത്തിയിട്ടുള്ളതാണ്. വളരെ കാലമായി നിവേദനങ്ങൾ നടത്തിയിട്ടും ഇതുവരെയായൊരു ഫലവും ഉണ്ടായിട്ടില്ല. ഇതു ഭരണഘടനയോടും വിശിഷ്യ നമ്മോടും ചെയ്യുന്ന ഒരനീതിയാണെന്നുള്ളതിൽ സംശയമില്ല. ഇൻഡ്യയുടെ രാഷ്ട്രഭാഷയായി പ്രഖ്യാപിച്ചിട്ടുള്ള ഈ ഭാഷ ഈ നാട്ടിൽ പഠിപ്പിക്കുന്നതിനുവേണ്ടി നിയുക്തരായിരിക്കുന്ന ഈ അദ്ധ്യാപകന്മാർക്കു മറ്റുള്ള അദ്ധ്യാപകന്മാരെപ്പോലെ ജീവിക്കാനവകാശമില്ലയോ?

LIBRARY ARCHIVES Kerala Legislative Assembly